പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1904 22.1.2014 ൽ മറുപടിയ്ക്ക്

<u>വികലാംഗ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്</u>

ചോദ്യം മറുപടി

ശ്രീ. ബി.ഡി.ദേവസ്സി ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 1999 ആഗസ്റ്റ് മുതൽ 2001 ഡിസംബർ വരെ താൽക്കാലിക നിയമനം ലഭിച്ച, 179 ദിവസം പൂർത്തിയാക്കിയ വികലാംഗ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര പേർക്ക് ഇത്തരത്തിൽ നിയമനം ലഭിയ്ക്കും എന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. 18.5.2013 ലെ സ.ഉ(പി) നം.40/13/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം 16.8.99 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ നിയമനം നൽകുന്നതിന് ഉത്തരവാകുകയും ഇപ്രകാരമുള്ള 1451 വികലാംഗർക്ക് പുനർ/സ്ഥിരനിയമനത്തിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട് |
| (ബി) 179-ാം ദിവസം അവധി ദിവസമായതു കൊണ്ട് 178-ാം ദിവസം ജോലിയിൽ നിന്നും വിടുതൽ ചെയ്തവരേയും 179 ദിവസം എന്ന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടും പുനഃപരിശോധനയിൽ 178, 177 ദിവസങ്ങൾ മാത്രം പൂർത്തിയാക്കിയവരായി പുനർ നിർണ്ണയിക്കപ്പെട്ടവരേയും സ്ഥിരപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) 17.1.2014 ലെ ജി.ഒ(പി) 3/14/സാ.നീ.വ നമ്പർ പ്രകാരം ഇത്തരത്തിൽപ്പെട്ടവർക്കും നിയമനത്തിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ